Mr. C. A. Kunjunni Raja.—So they welcome the suggestion.

Mr. T. A. Ramachandra Ayyar.—I withdraw the resolution.

The resolution was, with leave, withdrawn.

3. Committee for Cranganur Town Improvement.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—"കൊടുങ്ങല്ലൂർ പട്ടണപ്രദക്ഷിണത്തിനു ഒരു കമ്മറ്റി സ്ഥാപിച്ച് വേണ്ട പ്രവൃത്തികൾ ഉടനെ ചെയ്യണമെന്നു ഈ കൌൺസിൽ ഗവൺമെണ്ടിനോടു ശിപാർശചെയ്യുന്നു." ഇതാണ് എന്റെ പ്രമേയം. കുന്നംകുളത്തു സ്ഥാപിച്ചിട്ടുള്ളമാതിരി ഒരു ടൌൺ ഇംപ്രൂവ്മെൻറ് കമ്മറ്റി കൊടുങ്ങല്ലൂരിലും സ്ഥാപിച്ചു തരണമെന്നാണ് എന്റെ നിവേദനം.

K. Mahammed Seethi.—I Second it.

ഡിപ്യൂട്ടി പ്രസിഡെണ്ട്.—കുന്നംകുളത്തു അതുപ്രാവർത്തികമായിട്ടുണ്ടോ?

Diwan Bahadur Dr. V. Verghese.— Government has said that it will be tried.

The resolution was, with leave, withdrawn.

4. Veterinary Dispensary at Cranganur.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ— എന്റെ റസല്യൂഷൻ "കൊടുങ്ങല്ലൂരിൽ ഒരു മൃഗാസ്പത്രി (Veterinary Dispensary) ഉടനെ സ്ഥാപിക്കണമെന്നു ഈ കൌൺസിൽ ഗവൺമെണ്ടിനോടു ശിപാർശചെയ്യുന്നു" എന്നതാണ്. എന്നാൽ കൊടുങ്ങല്ലൂരിനു മാത്രമല്ല അതിനെ തൊട്ടുകിടക്കുന്ന ഇടവഴിലങ്ങു വില്ലേജിനുംകൂടി ഉപകാരമാകത്തക്ക വിധത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണമെന്നാണ് എന്റെ ഉദ്ദേശം. അവിടങ്ങളിൽ ധാരാളം മൃഗങ്ങൾ ഉണ്ട്. അവക്കു പലവിധത്തിലുള്ള സുഖക്കേടുകളും പിടിപെടുന്നുണ്ട്. ചാകയും ചെയ്യുന്നു.

ഡിപ്യൂട്ടി പ്രസിഡെണ്ട്.—കൊടുങ്ങല്ലൂരിൽ സാധാരണയായി കൃഷിക്കു കന്നുകാലികളെ ഉപയോഗിക്കാറുണ്ടോ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പുല്ലൂറ്റുവില്ലേജിൽ ഉപയോഗിക്കുന്നുണ്ട്. മൃഗങ്ങളുടെ രക്ഷക്കായിട്ടാണല്ലൊ ഗവൺമെണ്ടു ഓരൊ സ്ഥലത്തു മൃഗാശുപത്രികൾ സ്ഥാപിക്കുന്നതു്. ഇന്നു കുറെ മുമ്പായി ഞാൻ കൃഷിസൂപ്രണ്ടിനോടു ഇക്കാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ കൊടുങ്ങല്ലൂരിൽ കന്നുകാലികളില്ലെന്നും വല്ലതും കുറച്ചുണ്ടായാൽതന്നെയും സുഖക്കേടു പുതുക്കമാണെന്നും അദ്ദേഹം പറയുകയുണ്ടായി. ഈ അഭിപ്രായം പുറപ്പെടുവിച്ചതു് അദ്ദേഹം കാര്യം അറിയാഞ്ഞിട്ടായിരിക്കണം. അതിനെപ്പറ്റി അന്വേഷിക്കണം ചികിത്സിക്കണം ആളുകളെ ഏർപ്പെടുത്താതെ ഈവിധ

LIBRARY ARCHIVES Kerala Legislative Assembly

രങ്ങൾ എങ്ങിനെയാണ് കിട്ടുന്നത്?" എടവിലങ്ങു വില്ലേജിലെ സ്ഥിതി എന്താണെന്നു ചോദിച്ചപ്പോൾ ഒന്നും അറിഞ്ഞുകൂടെന്നായിരുന്നു മറുപടി. അനേഷണത്തിനു് ആളില്ലാത്തതുകൊണ്ടാണ് അദ്ദേഹത്തിനു അറിഞ്ഞുകൂടാതെ പോയതു". ഏതായാലും കൊടുങ്ങല്ലൂരിലേക്കു പ്രത്യേകം ഒരു ഔഷധത്തിയും ഒരു ഡാക്ടറേയും ഒരു സ്റ്റാഫിനേയും തരാൻ വലിയ വിഷമങ്ങൾ ഉണ്ടെങ്കിൽ കൊടുങ്ങല്ലൂരിൽ മൃഗങ്ങിയനിലയിൻ ഒരു കെട്ടിടം തീർക്കയും ഇരിഞ്ഞാലക്കുട മൃഗാസ്പത്രിയിലെ ഡാക്ടർ ആഴ്ചയിൽ രണ്ടു ദിവസം കൊടുങ്ങല്ലൂരിൽവന്നു ജോലി ചെയ്യുന്നതിനു് ഏർപ്പാടുചെയ്കയും ചെയ്യുകയാണെങ്കിൽ തല്ക്കാലത്തേക്കു ഞങ്ങൾ തൃപ്തിപ്പെട്ടുകൊള്ളാം. ഈ നിർദ്ദേശത്തോടുകൂടി എന്റെ പ്രമേയത്തെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

മിസ്റ്റർ കെ. മുഹമ്മദ സിതി.—ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കൊടുങ്ങല്ലൂരിൽ മൃഗങ്ങളില്ലെന്നു അതിശയം പറയുവാൻ സാധിക്കയില്ല. മൃഗങ്ങൾക്കു പിടിപെടുന്ന രോഗങ്ങൾക്കു ശമനം വരുത്താനുള്ള ഏർപ്പാടുകൾ ഒരു സ്ഥലത്തു വേണ്ടെന്നു ഗവർമ്മെണ്ടു പറയുന്നതു് ജീവകാരുണ്യത്തിനു തീരെ വിരോധമാണ്". കൊടുങ്ങല്ലൂരിൽ മൃഗങ്ങൾക്കു രോഗം പിടിപെട്ടാൽ അടുത്തെവിടെയെങ്കിലും കൊണ്ടുപോയി ചികിത്സിക്കാൻ ഒരാശുപത്രിയുമില്ല. സാധുമൃഗങ്ങൾ രോഗപീഡയനുഭവിച്ചു കഷ്ടപ്പെട്ടുചാകുന്നുണ്ടു. അതിനാൽ നിശ്ചയമായും അവിടെ ഒരു മൃഗാശുപത്രി സ്ഥാപിക്കേണ്ടതാണു". അതു കഴിയുന്നതും വേഗത്തിൽ ഗവർമ്മെണ്ടു് ചെയ്യണമെന്നു പറഞ്ഞുകൊണ്ടു് ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മിസ്റ്റർ ഐ. രാമൻമേനോൻ.—കൊല്ലംതോറും തയ്യാറാക്കിവരുന്ന അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഓരോ സ്ഥലങ്ങളിലുമുള്ള മൃഗങ്ങളുടെ ഒരു ലിസ്റ്റ കൊടുത്തു കാണാം. കഴിഞ്ഞ കൊല്ലത്തെ റിപ്പോർട്ടു പ്രകാരം കൊടുങ്ങല്ലൂർ താലൂക്കിൽ ആകെ ഏഴായിരത്തിൽ ചിലപ്പാനം മൃഗങ്ങൾ മാത്രമെ ഉള്ളു. മറ്റു താലൂക്കുകളിലാണെങ്കിൽ ൩൰,൦൦൦ വും, ൫൦,൦൦൦ വും ൪.൦൦൦ വും ഒക്കെ ഉണ്ടു്.

മിസ്റ്റർ. എ. കെ. കുഞ്ഞുമൊയ്തീൻ.—എടവിലങ്ങിലേതു കൂടി കൂട്ടിയിട്ടാണൊ ഏഴായിരം?

മിസ്റ്റർ ഐ. രാമൻമേനോൻ.—൨.൫൦൦ ഓളം എടവിലങ്ങിലും ഉണ്ടാകും. എല്ലാംകൂടി ൧൦,൦൦൦ ഉണ്ടെന്നു വെക്കാം. കൊടുങ്ങല്ലൂർ വില്ലേജിൽ കന്നുകാലികൾ വളരെ കുറവാണു". കൊടുങ്ങല്ലൂരാകട്ടെ, ഞാറക്കൽ, നായരമ്പലം ഇവിടങ്ങളിലാകട്ടെ, മൃഗങ്ങൾക്കു രോഗം പിടിപെട്ടതായി ഇതുവരെ കേട്ടിട്ടില്ല. റിപ്പോർട്ടിലുമില്ല എന്നാൽ കിഴക്കൻ പ്രദേശങ്ങളിൽ രോഗം ഉണ്ടാകാനും അധികരിക്കാനും ചില പ്രത്യേക കാരണങ്ങളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറൻതീരങ്ങളിൽ ആ വക കാരണങ്ങൾകൊ വഴിയില്ല. കിഴക്കൻപ്രദേശങ്ങളിൽ പൊള്ളാച്ചി മുതലായ സ്ഥലങ്ങളിൽ നിന്നും ചന്തകളിലേക്ക് കൊണ്ടുവരുന്ന അനവധി മൃഗങ്ങൾക്ക് രോഗങ്ങൾ ഉണ്ടാകും. അതിനേയും കൊണ്ടു സഞ്ചരിക്കുന്ന വഴികളിലെല്ലാം രോഗങ്ങൾ പകരുന്നു. ഇങ്ങിനെയാണ് കിഴക്കൻ പ്രദേശങ്ങളിൽ രോഗം പിടിപെടുന്നതും വർദ്ധിക്കുന്നതും. പടിഞ്ഞാറൻ സ്ഥലങ്ങൾ ഈ വക ഉപദ്രവങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കയാണ്. അതുകൊണ്ടു രോഗം ഉണ്ടാകാനും എളുപ്പമില്ല. ഇപ്പോൾ കൊടുങ്ങല്ലൂരിൽ പ്രത്യേകമൊരു ആസ്പത്രി വയ്ക്കണമെങ്കിൽ ചുരുങ്ങിയതു കെട്ടിടത്തിനു മാത്രമായിത്തന്നെ: ൨,൦൦൦ രൂപയോളം വേണ്ടിവരും. ഈ ചുരുങ്ങിയ മൃഗങ്ങൾക്കു വേണ്ടി ഇത്ര വലിയ ഒരു തുക ഇപ്പോൾ ചിലവുചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല രോഗമുണ്ടാകുമ്പോൾ അടുത്തുള്ള മൃഗാശുപത്രി ഡാക്ടറിനു എഴുത്തയച്ചാൽ സ്ഥലത്തുവന്നു വേണ്ട ശുശ്രൂഷകൾ ചെയ്യാനും ഉപദേശങ്ങൾ നല്കാനും തക്ക ഏർപ്പാടുകൾ ചെയ്യുന്നതിൽ വിരോധമില്ല. പക്ഷെ കൊടുങ്ങല്ലൂരിൽ ഇതേവരെ മൃഗങ്ങൾക്കു രോഗം പിടിപെട്ടതായി അറിവില്ല. കഴിഞ്ഞകൊല്ലം ഒരു പശു ചത്തുപോയതായി അറിഞ്ഞു. അന്വേഷണത്തിൽ അതും വയസ്സായി ചത്തതായിട്ടാണ് മനസ്സിലായതു്. എങ്കിലും ആവശ്യമുണ്ടെന്നുവന്നാൽ ഇരിഞ്ഞാലക്കുട ഡാക്ടരെ സ്ഥലത്തുവന്നു വേണ്ടതൊക്കെ ചെയ്യാൻ പറയാം. ആഴ്ചയിൽ രണ്ടുദിവസമെന്നൊരു നിശ്ചയംവെച്ചുവരാൻ സാധിക്കുന്നതല്ല. ആവശ്യമുണ്ടെങ്കിലേ വരാൻ സാധിക്കയുള്ളു. ആസ്പത്രികളില്ലാത്ത വില്ലേജുകളിൽ മൃഗങ്ങൾക്കു രോഗം പിടിപെട്ടതായി അറിവുകിട്ടിയാൽ അവിടങ്ങളിൽ ചെന്നു വേണ്ട ഉപദേശങ്ങളും ശുശ്രൂഷകളും ചെയ്യാൻ അതാതു സ്ഥലങ്ങൾക്കടുത്തുള്ള ഡാക്ടർമാരെയും ഏർപ്പാടുചെയ്യുന്നതിനു സമ്മതമാണ്. അതു് കൊടുങ്ങല്ലൂരിൽ മാത്രമല്ല ആവശ്യമെന്നുകണ്ടാൽ രാജ്യത്തിലെവിടെയുംവേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ഗവൺമെന്റു് ഒരുക്കമാണ്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ—ഈ ഡിപ്പാർട്ടുമെൻറ് മൃഗങ്ങൾക്കു പിടിപെടുന്ന രോഗങ്ങളെക്കുറിച്ചും എത്ര മൃഗങ്ങൾക്കു രോഗം പിടിപെടുന്നുണ്ടെന്നും അറിയാതിരിക്കുന്നതിൽ അത്രം അത്ഭുതം വിചാരിച്ചിട്ടുവശമില്ല. അന്വേഷണത്തിനൊ, ചികിത്സക്കൊ ആളുകളുണ്ടെങ്കിലില്ലാതെ എന്റെ വീട്ടിൽ ഒരു പശുവിനു ഒരു രോഗംപിടിപെട്ടാൽഞാൻ അന്യരെഅറിയിക്കാൻനടക്കുമൊ? അറിയിച്ചാൽ ഫലമുണ്ടെന്നുഅറിയാം. ഈ ഡിപ്പാർട്ടുമെൻറ് അന്വേഷണത്തിനു വേണ്ട ഏർപ്പാടുകൾ ഒന്നുംചെയ്യാത്തതുകൊണ്ടുതന്നെയാണ് ഈ വകകാര്യങ്ങൾഅറിയാത്തതും. സൂപ്രണ്ടവർകൾ കൊടുങ്ങല്ലൂരിലുള്ള മൃഗങ്ങൾ ഏഴായിരമെന്നൊരു കണക്കുപറയുന്നു. ഈ കണക്കു മുഴുവനും ശരിയായിക്കൊള്ളണമെന്നില്ല,

LIBRARY ARCHIVES Kerala Legislative Assembly

ചിലപ്പോൾ ഉള്ളതിൽ കുറവായിട്ടെ കണക്കിൽ കാണുകയുള്ളൂ. ജനനമരണ കണക്കു എടുക്കുന്നതിൽതന്നെ പല വീഴ്ചകളും വരാറുണ്ടു്. ഏതായാലും അവിടെ പ്രത്യേകം ആശുപത്രി വയ്ക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ ഇരിഞ്ഞാലക്കുട ഡാക്ടരെ വെറുതെ പറഞ്ഞയച്ചാൽ പോരാ. അദ്ദേഹത്തിന്റെ ചാർജ്ജിൽ കൊടുങ്ങല്ലൂരിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചു് ആവശ്യപ്പെടുമ്പോഴെങ്കിലും വന്നു വേണ്ട സഹായങ്ങളും ചെയ്തു തന്നാൽ കൊള്ളാമെന്നു ഉൽബോധിപ്പിച്ചുകൊണ്ടും ഗവൺമെൻറു ദയാപൂർവ്വം ആലോചിച്ചു വേണ്ടതു പ്രവൃത്തിക്കുമെന്നു വിശ്വസിച്ചുകൊണ്ടും ഈ പ്രമേയത്തെ പിൻവലിക്കുന്നു.

The resolution was, with leave, withdrawn.

Prorogation of the Council.

Deputy President.—That closes our business for the day. I prorogue the Council.

The Council was prorogued at 15 minutes to 2 p. m.

T. K. KRISHNA MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly